ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

179 (6351) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിന്റെ വികസനത്തിന് ഉതകുന്ന രണ്ട് പ്രധാന തുറമുഖങ്ങളായ ബേപ്പൂർ, അഴീക്കൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി, ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; പ്രസ്തുത പണി എന്നുമുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ബി. ഒ. ടി വ്യവസ്ഥയിൽ ഇവിടത്തെ നിർമ്മാണ പ്രവർത്തനത്തിൽ പങ്കാളിത്തത്തിനായി ആരൊക്കെ താല്പര്യപത്രം നൽകിയിട്ടുണ്ട് ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പുതുക്കിയ അടങ്കൽ അനുസരിച്ച് എത്ര കോടി രൂപയാണ് നിശ്ചയിച്ചിരുന്നത് ;

(ഇ) പ്രസ്തുത തുറമുഖങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടപ്പിലാക്കിയെന്ന് വിശദീകരിക്കാമോ ;

(എഫ്) അഴീക്കൽ തുറമുഖത്തേയ്ക്കുള്ള റോഡ് വികസനത്തിനായി 2009-10 വർഷത്തേയ്ക്ക് ബഡ്ജറ്റ് വിഹിതമായി എന്തു തുക വകയിരുത്തുന്നു ;

(ജി) പ്രസ്തുത കാലയളവിൽ ഇവിടെ ഏതൊക്കെ പ്രവൃത്തികൾക്കായി എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും തുടർന്ന് ആഗോള ടെൻഡർവഴി സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനുമായി കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. കൺസൾട്ടൻസി പ്രവർത്തനം ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

(ബി) അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനുള്ള ഗ്ലോബൽ ടെൻഡർ 2010 ജൂലായ് മാസാവസാനത്തോടുകൂടി വിളിക്കുന്നതാണ്. ബേപ്പൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള ഗ്ലോബൽ ടെൻഡർ 2010 ആഗസ്റ്റ് മാസത്തോടുകൂടി വിളിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) അഴീക്കൽ തുറമുഖ വികസനത്തിനുള്ള പ്രോജക്ട് കോസ്റ്റ് 418 കോടി രൂപയും ബേപ്പൂർ തുറമുഖ വികസനത്തിനുള്ള പ്രോജക്ട് കോസ്റ്റ് 177.7 കോടി രൂപയുമായാണ് കൺസൾട്ടന്റ് കണക്കാക്കിയിട്ടുള്ളത്.

(ഇ) അഴീക്കൽ തുറമുഖത്തേയ്ക്കുള്ള റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുന്നതിനുള്ള വാൻഡ് അക്വിസിഷൻ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. അഴീക്കൽ തുറമുഖത്തേക്കുള്ള ജലസംഭരണിയുടെ റിപ്പയർ ജോലികളും പുരോഗമിക്കുന്നുണ്ട്. അഴീക്കൽ തുറമുഖത്ത് ഒരു ആധുനിക മൊബൈൽ ക്രയിൻ സ്ഥാപിച്ചിട്ടുണ്ട്. 226 മീറ്റർ വാർഫ് നിർമ്മാണം പുരോഗമിച്ചുവരികയാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കൽ ഭാഗത്തെ ബ്രേക്ക് വാട്ടറിന്റെ നീളം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചു. റ്റി. ആർ. പി. പദ്ധതിയിലുൾപ്പെട്ട മൗത്തും, അപ്രോച്ച് ചാനൽ ഡ്രെഡ്ജിംഗും പൂർത്തീകരിച്ചിട്ടുണ്ട്.

ബേപ്പൂർ തുറമുഖത്ത് 160 മീറ്റർ നീളമുള്ള വാർഫ് പൂർത്തീകരിച്ചു. അതിനു പുറകിൽ പാർക്കിംഗ് ഏരിയ, ട്രാൻസിറ്റ് ഷെഡ് എന്നിവ നിർമ്മിച്ചു. ലക്ഷദ്വീപ് യാത്രക്കാരുടെ സൗകര്യത്തിനായി പാസഞ്ചർ ടെർമിനൽ നിർമ്മിച്ചു. 1 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും, വാട്ടർ സപ്ലൈ ലൈനും പൂർത്തീകരിച്ചു. പഴയ ഗോഡൗണുകൾ നവീകരിച്ചു. ഇലക്ട്രിക്കൽ സബ്സ്റ്റേഷനും സ്റ്റാൻഡ് ബൈ ജനറേറ്ററും സ്ഥാപിച്ചു. ഗോഡൗണിന്റെ മുൻഭാഗത്ത് ഓപ്പൺ ഷെഡും അതിനു പുറകിലെ ഓവുചാലുകളും, പഴയ വാർഫിന്റെ പാർക്കിംഗ് ഏരിയായും നവീകരിച്ചു. പുതിയ വാർഫിനും പാർക്കിംഗ് ഏരിയയ്ക്ക് ചുറ്റും കോമ്പൗണ്ട് വാൾ നിർമ്മിച്ചു. നിലവിലുള്ള കോമ്പൗണ്ട് വാൾ ഐ.എസ്.പി.എസ്. കോഡ് പ്രകാരം ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ 160 മീറ്റർ വാർഫിനു മുന്നിൽ ആഴം 4 മീറ്ററായി വർദ്ധിപ്പിച്ചു. പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള രണ്ട് ബ്രേക്ക് വാട്ടറുകളുടെയും റിപ്പളനിഷ്മെന്റ് വർക്കും ബ്രേക്ക് വാട്ടറിനു മുകളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണവും ചാലിയം ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു. ബേസിനിലെ ആഴം വർദ്ധിപ്പിക്കാനുള്ള പ്രവൃത്തി അവസാന ഘട്ടത്തിലാണ്. തുറമുഖം പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

(എഫ്) 7 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ജി) അഴീക്കൽ തുറമുഖത്ത് പുലിമുട്ടുകളുടെ നിർമ്മാണത്തിനും കാർഗോ ബർത്ത് നിർമ്മാണത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 312 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly